# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1222
# 30.9.2011 - ൽ മറുപടിയ്ക്ക്

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ചോദ്യം

ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി.ഡി. സതീശൻ:
ശ്രീ. എം.പി. വിൻസെന്റ്:
ശ്രീ. പി.എ മാധവൻ:

ഉത്തരം

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | 100 ദിന കർമ്മ പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാം; | | നൂറു ദിന കർമ്മപദ്ധതി പ്രകാരം സഹകരണവകുപ്പ് നടപ്പിലാക്കിയ വകുപ്പുതല പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു |
| | | 1. | സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു. |
| | | 2. | സഹകരണസംഘം രജിസ്ട്രാർ ആഫീസിനെയും ജില്ലാ, താലൂക്ക്തല ആഫീസുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഇ-ഗവേണൻസ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി സോഫ്റ്റ് വെയർ വികസിപ്പിച്ചു. |
| | | 3. | കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ 12 ത്രിവേണി സൂപ്പർ സ്റ്റോറുകൾ, 3 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ, 2 ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ, 21 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ആരംഭിയ്ക്കുകയും, 4632 ഓണം - റംസാൻ സ്പെഷ്യൽ വിപണനമേളകൾ സംഘടിപ്പിക്കുകയും ചെയ്തു. |
| | | 4. | "ആശ്വാസ് - 2011" പദ്ധതി പ്രകാരം 15.09.2011 ലെ ലഭ്യമായ കണക്കുകൾ പ്രകാരം 926 കോടി രൂപ കുടിശ്ശിക യിനത്തിൽ പിരിച്ചെടുക്കുകയും 53.87 കോടി രൂപയുടെ ആനുകൂല്യം വായ്പക്കാർക്ക് നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | 5. | സാഹിത്യ പ്രവർത്തക സഹകരണ സംഘം 50 പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. |
| | | 6. | കേപ്പിന്റെ കീഴിൽ പുന്നപ്രയിലുള്ള സഹകരണ ആശുപത്രിയിൽ കാർഡിയാക് സെന്ററും ബ്ലഡ് ബാങ്കും ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു. |
| | | 7. | കയർ, കൈത്തറി, പട്ടികജാതി, വനിത സഹകരണ സംഘങ്ങളുടെ കുടിശ്ശികയായിരുന്ന 1922 ആഡിറ്റുകൾ തീർത്തു. |
| | | 8. | കരാറിനകം സർവ്വീസ് സഹകരണ ബാങ്ക് (കണ്ണൂർ) ഒരു കൊപ്ര സംസ്ക്കരണ യൂണിറ്റ് തുടങ്ങുന്നതിനുള്ള കെട്ടിടത്തിന്റെ ശിലാ സ്ഥാപനം നടത്തി. |
| | | 9. | കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് (തൃശ്ശൂർ) ഒരു കൊപ്ര സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| | | 10. | പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് (തൃശ്ശൂർ) ഒരു കൊപ്ര സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| | | 11. | നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് (തിരുവനന്തപുരം) ഒരു കൊപ്ര യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| | | 12. | നീണ്ടൂർസർവ്വീസ് സഹകരണ ബാങ്കിന്റെ (കോട്ടയം) ആഭിമുഖ്യത്തിലുള്ള അരിമില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. |
| | | 13. | തൃശ്ശൂർ ജില്ലാ നെല്ല് സംസ്കരണ- വിപണന സഹകരണ സംഘത്തിന്റെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | 14. | ചതുർത്ഥ്യാകരി സർവീസ് സഹകരണ ബാങ്കിന്റെ (ആലപ്പുഴ) ആഭിമുഖ്യത്തിൽ ഒരു സീഡ് സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| | | 15. | തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കിന്റെ (വയനാട്) ആഭിമുഖ്യത്തിൽ ഗന്ധകശാല അരി സംസ്കരണത്തിനായുള്ള അരിമില്ലിന് തറക്കല്ലിട്ടു. |
| | | 16. | മാനന്തവാടിയിൽ പ്രിയദർശിനി റ്റീ എസ്റ്റേറ്റിൽ (വയനാട്) ടൂറിസം എക്സ്റ്റെൻഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| | | 17. | തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ (വയനാട്) ഐ.സി.ഡി.പി. ധനസഹായത്തോടെയുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. |
| | | 18. | മാനന്തവാടി പ്രിന്റിംഗ് സഹകരണ സംഘത്തിൽ ഐ.സി.ഡി.പി. പദ്ധതി പ്രകാരം ഒരു ഓഫ്സെറ്റ് പ്രിന്റിംഗ് മെഷ്യൻ സ്ഥാപിച്ചു. |
| | | 19. | പട്ടിക ജാതി/പട്ടിക വർഗ്ഗ/ വനിതാ സഹകരണ സംഘങ്ങളുടെ ഭരണ സമിതി അംഗങ്ങൾക്കായി വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു. |
| | | | കൂടാതെ നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാരിന്റെ ചുവടെ ചേർക്കുന്ന പൊതു പരിപാടികളും നടപ്പാക്കിയിട്ടുണ്ട്. |
| | | 1. | ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ 51 % കുടിശ്ശിക ഫയലുകൾ തീർപ്പാക്കുകയും ജില്ലാ/താലൂക്ക്തല ആഫീസുകളിലെ കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | 2 | വികലാംഗർക്കും അന്ധ ബധിര മൂകർക്കും സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള 3% ജോലി സംവരണത്തിലെ കുടിശ്ശിക നിവാരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| | | 3. | സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും / കരാർ / എഗ്രിമെന്റ് തുടങ്ങിയവ അന്നേ ദിവസം തന്നെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. |
| | | 4. | ഉയർന്ന ഉദ്യോഗസ്ഥരുടെ സ്വത്ത് വിവരം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. |
| ബി | സഹകരണസ്ഥാപനങ്ങളിലെ ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി എന്നുവരെയാണ്; | | 2011 സെപ്റ്റംബർ 15 വരെ ആയിരുന്നു |
| സി | പ്രസ്തുത പദ്ധതിയിലൂടെ ഈ സർക്കാർ അധികാരമേറ്റ ശേഷം 2011 സെപ്റ്റംബർ വരെ എത്ര തുക പിരിച്ചെടുത്തു എന്നും എത്ര രൂപയുടെ പലിശ ഇളവാണ് ഗുണഭോക്താക്കൾക്ക് നൽകിയത് എന്നും അറിയിക്കാമോ? | | ഈ സർക്കാർ അധികാരമേറ്റശേഷം 2011 സെപ്റ്റംബർ 15 ലെ ലഭ്യമായ കണക്കുകൾ പ്രകാരം 926 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുകയും 53.87 കോടി രൂപയുടെ പലിശ ഇളവ് ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ